# രാജസ്ഥാൻ ജയിലിലെ പീഡനം കുറ്റക്കാരെ ശിക്ഷിക്കണം

**ഈദുൽ** ഫിത്വ്ർ ദിനത്തിൽ മുസ്‌ലിംതടവുകാരെ മർദിക്കുകയും പെരുന്നാൾ നമസ്കാരത്തിന് അനുമതി നിഷേധിക്കുകയും ചെയ്ത ജയപൂർ ജയിൽ അധികൃതകരെ സസ്പെന്റ് ചെയ്യണമെന്ന് വിവിധ മുസ്‌ലിം സംഘടനകളുടെ പൊതുവേദിയായ രാജസ്ഥാൻ മുസ്‌ലിം ഫോറം ആവശ്യപ്പെട്ടു. ഫോറം കൺവീനറും ജമാഅത്തെ ഇസ്‌ലാമി രാജസ്ഥാൻ സംസ്ഥാന അമീറുമായ എഞ്ചിനീയർ മുഹമ്മദ് സലീമാണ് പത്രസമ്മേളനത്തിൽ ഈ ആവശ്യമുന്നയിച്ചത്.

മർദനമേറ്റ തടവുകാരുടെ കുടുംബാംഗങ്ങൾ ആവശ്യപ്പെട്ടതിനെ തുടർന്ന് ആറംഗ പ്രതിനിധി സംഘം ജയിലധികൃതരെ സന്ദർശിച്ചു. ജയിൽ ഡി.ജി ഒമേന്ദ്ര ഭരദ്വാജിന്റെ പ്രത്യേക അനുമതിപ്രകാരം സംഘം ജയിൽ സന്ദർശിച്ചു.

പീഡനത്തിനിരയായ തടവുകാർ മർദനമേറ്റ പാടുകൾ കാണിച്ചു. പെരുന്നാൾ ദിനത്തിൽ നമസ്കാരത്തിന് ജയിലർ അനുമതി നിഷേധിക്കുകയായിരുന്നു. വെളിച്ചം കുറഞ്ഞ സെല്ലുകളിൽനിന്ന് അധികനേരം പുറത്തിറങ്ങാൻ പോലും അനുവാദം നൽകിയില്ല. ശേഷം അസ്ർ നമസ്കരിച്ചുകൊണ്ടിരിക്കുകയായിരുന്ന ഇവരെ ജയിലറുടെ നേതൃത്വത്തിൽ ക്രൂരമായി മർദിച്ചു. ഖുർആനും മറ്റു മതഗ്രന്ഥങ്ങളും നിലത്തേക്ക് വലിച്ചെറിഞ്ഞു. പലപ്പോഴും മതവിശ്വാസത്തിനെതിരായ മുദ്രാവാക്യങ്ങൾ മുഴക്കാൻ ജയിലർ നിർബന്ധിച്ചിരുന്നതായും ഇവർ വെളിപ്പെടുത്തി. 'ബോംബ് സ്ഫോടനക്കാർ' എന്നാണ് ജയിലർ ഇവരെ സ്ഥിരമായി അഭിസംബോധന ചെയ്തിരുന്നത്.

കുറ്റക്കാരായ പോലീസുകാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ഫോറം ആവശ്യപ്പെട്ടത്. പ്രശ്നത്തിൽ പൊതുജന ബോധവത്കരണ കാമ്പയിൻ നടത്താനും മർദിതർക്ക് നിയമസഹായം ലഭ്യമാക്കാനും ഫോറം തീരുമാനിച്ചിട്ടുണ്ട്.

### താജ്മഹൽ മസ്ജിദ് ഇമാമിന് ശമ്പളം 15 രൂപ!

ലോകാത്ഭുതങ്ങളിലൊന്നായ താജ്മഹൽ കോമ്പൗണ്ടിലെ ഷാജഹാനി മസ്ജിദിലെ (താജ് മസ്ജിദ്) ഷാഹി ഇമാമിന്റെ ശമ്പളം പ്രതിമാസം വെറും 15 രൂപ! ആയിരക്കണക്കിന് സന്ദർശകർ ദിവസവും കയറിയിറങ്ങുന്ന മസ്ജിദിനോട് ഉത്തർപ്രദേശ് സർക്കാറാണ് ക്രൂരമായ അവഗണന കാണിക്കുന്നത്.

പതിനേഴാം നൂറ്റാണ്ടിൽ നിർമിക്കപ്പെട്ട ഈ പള്ളിയിലേക്ക് ബുഖാ

റയിൽനിന്നാണ് ഷാജഹാൻ ഇമാമിനെ കൊണ്ടുവന്നത്. അദ്ദേഹത്തിന്റെ സന്താന പരമ്പരയിലെ സയ്യിദ് സാദിഖ് അലിയാണ് ഇപ്പോഴത്തെ ഇമാം.

അഞ്ചു നേരത്തെ ഫർദ് നമസ്കാരങ്ങളും ജുമുഅ, തറാവീഹ്, പെരുന്നാൾ നമസ്കാരങ്ങളും നടക്കുന്ന പള്ളിയാണിത്. താജ്മഹൽ, മെഹ്മാൻ ഖാന എന്നിവക്കു പുറമെ സന്ദർശകരുടെ പ്രധാന കേന്ദ്രമാണ് ഈ പള്ളിയും.

സഹോദരന്മാരുടെ സഹായവും സ്വകാര്യ ട്യൂഷനും വഴിയാണ് സാദിഖ് അലി കുടുംബം പോറ്റുന്നത്. സന്ദർശകരും പലപ്പോഴും കണ്ടറിഞ്ഞ് സഹായിക്കും. എന്നെങ്കിലും തന്റെ ശമ്പളം വർധിപ്പിക്കാൻ സംസ്ഥാന സർക്കാർ കനിയുമെന്ന വിശ്വാസത്തിലാണ് അലി.

## മുസ്‌ലിം പേഴ്സണൽ ബോർഡ് സംഘം പ്രധാനമന്ത്രിയെ കണ്ടു

സ്വവർഗരതി നിയമവിധേയമാക്കാൻ 377-ാം വകുപ്പ് ഇല്ലാതാക്കണമെന്ന കേസിൽ മൂല്യങ്ങൾക്ക് നിരക്കാത്ത നിലപാടെടുക്കരുതെന്ന് പ്രധാനമന്ത്രിയോട് മുസ്‌ലിം പേഴ്സണൽ ബോർഡ് ആവശ്യപ്പെട്ടു. ബോർഡ് ജനറൽ സെക്രട്ടറി മൗലാനാ സയ്യിദ് നിസാമുദ്ദീന്റെ നേതൃത്വത്തിലുള്ള സംഘമാണ് പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെ സന്ദർശിച്ച് ആവശ്യമുന്നയിച്ചത്. ഇന്ത്യൻ സമൂഹം അടിസ്ഥാനപരമായി ഈ ദുഷ്പ്രവണതക്കെതിരാണ്. ഇന്ത്യയിലെ എല്ലാ മതങ്ങളും ഇതിനെതിരാണ്- നേതാക്കൾ പറഞ്ഞു. ഇന്ത്യയിലെ സംസ്കാരവും നാഗരികതയും മൂല്യങ്ങളും പരിഗണിച്ചു മാത്രമേ ഇതിൽ നിലപാടെടുക്കൂ എന്ന് പ്രധാനമന്ത്രി ഇവരെ അറിയിച്ചു. എന്നാൽ വിഷയം സുപ്രീം കോടതിക്ക് വിടാനാണ് കേന്ദ്ര സർക്കാർ പിന്നീട് തീരുമാനിച്ചത്.

## ദുർബല വിഭാഗങ്ങളെ അവഗണിച്ച് രാജ്യപുരോഗതി അസാധ്യം- ജമാഅത്ത് അമീർ

ദുർബല വിഭാഗങ്ങൾ ഇതര സമൂഹങ്ങളോടൊപ്പം പുരോഗതി പ്രാപിക്കുന്നില്ലെങ്കിൽ രാജ്യത്തിന്റെ വികസനം അസാധ്യമാവുമെന്ന് ജമാഅത്തെ ഇസ്‌ലാമി ദേശീയ അമീർ ജലാലുദ്ദീൻ അൻസർ ഉമരി. സെപ്റ്റംബർ 26-ന് ജമാഅത്ത് ആസ്ഥാനത്ത് സംഘടിപ്പിച്ച ഈദ് സംഗമത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അഹ്‌ലെ ഹദീസ് ജനറൽ സെക്രട്ടറി മൗലാനാ അസ്ഹർ ഇമാം മഹ്ദി, മൗലാനാ മഹ്മൂദ് മദനി എം.പി, ഉദിത് രാജ്, കുൽദീപ് നയാർ, മൗലാനാ അബ്ദുൽ വഹാബ് ഖിൽജി, സിഖ് നേതാവ് പരംജിത് സിംഗ് സർന, ഇറാൻ അംബാസിഡർ, ഫ്രഞ്ച് ഡെപ്യൂട്ടി അംബാസിഡർ, ശങ്കരാചാര്യ ഓംകാരനാന്ദജി തുടങ്ങിയവർ സംബന്ധിച്ചു. ജമാഅത്തെ ഇസ്‌ലാമി ദേശീയ സെക്രട്ടറി ഇഖ്ബാൽ മുല്ല ആമുഖ പ്രഭാഷണം നടത്തി.

## റിസ്‌വാനുർറഹ്മാന്റെ കുടുംബത്തെ മമത സന്ദർശിച്ചു

പെരുന്നാൾ ദിനത്തിൽ കൊൽക്കത്തയിലെ മുസ്‌ലിം തെരുവുകളിൽ പ്രത്യേക സന്ദർശനം നടത്തിയ കേന്ദ്ര റെയിൽവെ മന്ത്രി മമത ബാനർജി മുസ്‌ലിംകൾക്ക് ഈദാശംസകൾ നേർന്നു. കൊല ചെയ്യപ്പെട്ട ശേഷം റെയിൽവെ ട്രാക്കിൽ മൃതദേഹം കണ്ടുകിട്ടിയ റിസ്‌വാനുർറഹ്മാന്റെ കുടുംബത്തെയും അവർ സന്ദർശിച്ചു. കിഴക്കൻ കൊൽക്കത്തയിലെ ടോപ്സിയ, പാർക്ക് സർകസ്, കൗര്യ തുടങ്ങിയ പ്രദേശങ്ങളിലും മമതയെത്തി. ■